മണിമല ആറിലെ ജലം ശുദ്ധീകരിച്ച് വിതരണം ചെയ്യുന്ന സ്കീം

69 (294) ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണിമല ആറ്റിൽ നിന്നും വെള്ളം എടുത്ത് ശുദ്ധീകരിച്ച് പള്ളിത്തോട്ടം പഞ്ചായത്തിൽ ശുദ്ധജലവിതരണം ചെയ്യുവാനുള്ള സ്കീമിന്റെ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) ഈ സ്കീമിന് കേന്ദ്രത്തിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ എത്രയും വേഗം അനുമതി വാങ്ങുവാനും സ്കീമിന്റെ പണി ആരംഭിക്കുവാനും നടപടി സ്വീകരിക്കുമോ ;

(ഡി) അനുമതി ലഭിച്ചിട്ടുണ്ടെങ്കിൽ സ്കീമിന്റെ പണി ആരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) മണിമലയ്ക്കുർ സമീപ പഞ്ചായത്തുകൾക്കും വേണ്ടി മണിമല ആറ്റിൽ നിന്നും വെള്ളമെടുത്ത് ശുദ്ധീകരിച്ച് വിതരണം ചെയ്യാൻ വിഭാവനം ചെയ്തിട്ടുള്ള സമഗ്ര ശുദ്ധജലവിതരണ പദ്ധതിയുടെ 2-ാം ഘട്ടത്തിൽ (ആനിക്കാട് വില്ലേജ്) പള്ളിക്കത്തോട് പഞ്ചായത്ത് പ്രദേശവും ഉൾപ്പെട്ടിട്ടുണ്ട്. ഈ പദ്ധതിക്ക് 627 ലക്ഷം രൂപയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്.

(ബി) എൽ.ഐ.സി.യുടെ സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതി ആയതിനാൽ കേന്ദ്രത്തിന്റെ അനുമതി ലഭ്യമാക്കേണ്ടതില്ല.

(സി) ഉദിക്കുന്നില്ല.

(ഡി) പദ്ധതിയുടെ റിപ്പോർട്ട് എൽ.ഐ.സി.യിൽ നിന്നും വായ്പ ലഭ്യമാക്കുവാൻ സമർപ്പിച്ചിട്ടുണ്ട്. പദ്ധതിയുടെ ശുദ്ധീകരണശാല, ജലസംഭരണി ഇവയ്ക്കാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

പിറവം നിയോജകമണ്ഡലത്തിലെ ശുദ്ധജല പദ്ധതികൾ

70 (295) ശ്രീ. ടി. എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിറവം നിയോജകമണ്ഡലത്തിൽ 1991 മേയ് മാസം മുതൽ 2001 ജനുവരി 31 വരെ എത്ര ശുദ്ധജലവിതരണ പദ്ധതികൾ കമ്മീഷൻ ചെയ്തിട്ടുണ്ട്. അവ ഏതെല്ലാം ; അവ ഓരോന്നും കമ്മീഷൻ ചെയ്ത തീയതി വെളിപ്പെടുത്തുമോ ;

(ബി) ഓരോ പദ്ധതി പ്രകാരവും ഏതെല്ലാം പഞ്ചായത്തുകളിൽ എത്രപേർക്ക് ശുദ്ധജലം നൽകുന്നതിന് കഴിഞ്ഞിട്ടുണ്ട് ;

(സി) പിറവം നിയോജകമണ്ഡലത്തിൽ നിർമ്മാണപ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്ന ശുദ്ധജല പദ്ധതികൾ ഏതെല്ലാം ; ഓരോ പദ്ധതിയുടെ അടങ്കൽ തുക എത്രയാണെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ പദ്ധതികൾ ഓരോന്നും നിർമ്മാണപ്രവർത്തനം ആരംഭിച്ചത് എന്നാണ് ; ഇവ ഓരോന്നും എന്ന് പൂർത്തിയാക്കുവാനും കമ്മീഷൻ ചെയ്യുവാനുമാണ് ഉദ്ദേശിക്കുന്നത് ;

(ഇ) ഓരോ പദ്ധതികളുടെയും ഏതെല്ലാം പണികളാണ് പൂർത്തിയായിട്ടുള്ളത് ; ഓരോന്നിനും ഏതെല്ലാം പണികളാണ് ഇനി പൂർത്തീകരിക്കുവാനുള്ളത് ;

(എഫ്) ഇടയ്ക്കാട്ടു വയൽ, ആമ്പല്ലൂർ, ഉദയംപേരൂർ ശുദ്ധജലവിതരണ പദ്ധതിയുടെ എത്ര കിലോമീറ്റർ പൈപ്പ് ഇതിനോടകം സ്ഥാപിച്ചിട്ടുണ്ട്. വെള്ളം വിതരണം ചെയ്യുന്നതിനുള്ള പ്രസ്തുത പൈപ്പ് ഏതു വർഷം മുതലാണ് സ്ഥാപിച്ചു തുടങ്ങിയത് ?

ഉത്തരം

(എ) പിറവം നിയോജകമണ്ഡലത്തിൽ 1991 മേയ് മാസം മുതൽ 2001 ജനുവരി 31 വരെ 5 ശുദ്ധജലവിതരണ പദ്ധതികൾ കമ്മീഷൻ ചെയ്തിട്ടുണ്ട്. അവയുടെ പേര്, കമ്മീഷൻ ചെയ്ത തീയതി എന്നിവ താഴെ ചേർക്കുന്നു.

	ശുദ്ധജലവിതരണ പദ്ധതിയുടെ പേര്	കമ്മീഷൻ ചെയ്ത തീയതി
1.	ചോറ്റാനിക്കര ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി	1-4-1993
2.	തിരുവാങ്കുളം ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി	16-12-1991
3.	മനീട്ട് മുളന്തുരുത്തി ഗ്രാമീണ ശുദ്ധ ജലവിതരണ പദ്ധതി.	1-5-1993
4.	രാമമംഗലം-മേമുറി ഗ്രാമീണ ശുദ്ധ ജലവിതരണ പദ്ധതി	5-8-1995
5.	തിരുമാറാടി-ഓണക്കൂർ മേമുറി (ഭാഗികം) ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി	3-4-1992

(ബി) ചോറ്റാനിക്കര ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി കമ്മീഷൻ ചെയ്തതു മൂലം ചോറ്റാനിക്കര പഞ്ചായത്തിൽ 14000 പേർക്കും, തിരുവാങ്കുളം പദ്ധതി കമ്മീഷൻ ചെയ്തതു മൂലം തിരുവാങ്കുളം പഞ്ചായത്തിൽ 19000 പേർക്കും മനീട്ട്-മുളന്തുരുത്തി പദ്ധതി കമ്മീഷൻ ചെയ്തതുമൂലം മനീട്ട്, മുളന്തുരുത്തി പഞ്ചായത്തുകളിലെ 37500 പേർക്കും രാമമംഗലം മേമുറി പദ്ധതി കമ്മീഷൻ ചെയ്തതു മൂലം രാമമംഗലം മാറാടി പഞ്ചായത്തിലെ 20,745 പേർക്കും തിരുമാറാടി ഓണക്കൂർ മേമുറി പദ്ധതി കമ്മീഷൻ ചെയ്തതുമൂലം തിരുമാറാടി പാമ്പക്കട പഞ്ചായത്തുകളിലെ 38,946 പേർക്കും ശുദ്ധജലം നൽകുന്നതിന് കഴിഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പിറവം നിയോജകമണ്ഡലത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്ന ശുദ്ധജലവിതരണ പദ്ധതികളും അവയുടെ അടങ്കൽ തുകയും താഴെ ചേർക്കുന്നു.

1.	ആമ്പല്ലൂർ ത്വരിത ഗ്രാമീണ ശുദ്ധ ജലവിതരണ പദ്ധതി - മണക്കുന്നം വില്ലേജിൽ ഉദയംപേരൂർ പഞ്ചായത്ത്	- 55 ലക്ഷം രൂപ
2.	ഇരുമ്പനം ജനകീയാസൂത്രണ പദ്ധതി	- 36.19 ലക്ഷം രൂപ
3.	പിറവം ശുദ്ധജലവിതരണ വിപുലീകരണ പദ്ധതി	- 497 ലക്ഷം രൂപ
4.	തിരുമാറാടി, ഓണക്കൂർ മേമുറി, രാമമംഗലം വില്ലേജുകൾക്കായുള്ള ശുദ്ധജലവിതരണ വിപുലീകരണ പദ്ധതി	- 785 ലക്ഷം രൂപ
5.	ആമ്പല്ലൂർ എടയ്ക്കാട്ടുവയൽ ഉദയംപേരൂർ പഞ്ചായത്തുകൾക്കാ യുള്ള ശുദ്ധജലവിതരണ പദ്ധതി	- 269 ലക്ഷം രൂപ

(ഡി) ആമ്പല്ലൂർ പദ്ധതി 1994-ൽ പ്രവർത്തനം ആരംഭിച്ചു. ഈ പദ്ധതിയുടെ ജോലികൾ 2001 മാർച്ചിൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. ജലവിതരണം തുടങ്ങുന്നതിന് കാഞ്ഞിരമറ്റം ടാങ്കിന്റെ പണി പൂർത്തിയാക്കേണ്ടതായിട്ടുണ്ട്. ഇരുമ്പനം പദ്ധതി തുടങ്ങിയത് 1999 ആഗസ്റ്റിൽ ആണ്. 2001 ജൂണിൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. പിറവം ശുദ്ധജലവിതരണ വിപുലീകരണ പദ്ധതി 1992-ൽ ആരംഭിച്ചു. ഈ പദ്ധതി 3/2001-ൽ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. തിരുമാറാടി, ഓണക്കൂർ, 1999-ൽ ആരംഭിച്ചു. ഈ പദ്ധതി 12/2002-ൽ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. ആമ്പല്ലൂർ ഇടയ്ക്കാട്ടുവയൽ 1993-ൽ പ്രവർത്തനം ആരംഭിച്ചു. 12/2001-ൽ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

(ഇ) ആമ്പല്ലൂർ ശുദ്ധജലവിതരണ പദ്ധതിയുടെ കാഞ്ഞിരമറ്റം ടാങ്ക് മുതൽ ഉദയംപേരൂർ ഭൂതല സംഭരണിവരെയുള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ, ഉദയംപേരൂരിൽ ഭൂതലസംഭരണി പമ്പ് ഹൗസ്, പ്രധാന പൈപ്പ് ലൈൻ, വിതരണ ശൃംഖല മുതലായവയുടെ പണികൾ പൂർത്തിയാക്കിയിട്ടുണ്ട്. ടാപ്പുകൾ ഫിറ്റു ചെയ്യുന്ന ജോലി നടന്നുവരുന്നു. ഇരുമ്പനം പദ്ധതിയുടെ ഓവർ ഹെഡ് ടാങ്കിന്റെ പണി പൂർത്തിയായിട്ടുണ്ട്. പ്രധാന പൈപ്പ് ലൈൻ സ്ഥാപിക്കുന്നത് 90 ശതമാനത്തോളം പൂർത്തിയായിട്ടുണ്ട്. റയിൽവേ ലൈൻ ക്രോസ്സു ചെയ്യുന്ന ജോലികൾ, പമ്പുസെറ്റു സ്ഥാപിക്കൽ ഇന്റർ കണക്ഷൻ ജോലികൾ എന്നിവ പൂർത്തീകരിക്കുവാനുണ്ട്. പിറവം ശുദ്ധജലവിതരണ പദ്ധതിയുടെ വെൽ-കം-പമ്പ് ഹൗസ്, റോ വാട്ടർ പമ്പിംഗ് മെയിൻ, ട്രിറ്റ്മെന്റ് പ്ലാന്റ്, ജലസംഭരണികൾ,

LIBRARY ARCHIVES Kerala Legislative Assembly

ഡിസ്ട്രിബ്യൂഷൻ നെറ്റുവർക്ക് ഗ്രാവിറ്റി മെയിൻ എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. ഡിസ്ട്രിബ്യൂഷൻ നെറ്റു വർക്കിലെ ചില ഇന്റർ കണക്ഷനുകൾ മാത്രമാണ് പൂർത്തീകരിക്കുവാനുള്ളത്. തിരുമാറാടി പദ്ധതിയുടെ ജലസംഭരണികളുടേയും മറ്റും നിർമ്മാണം ദ്രുതഗതിയിൽ നടന്നുകൊണ്ടിരിക്കുന്നു. വെൽ-കം-പമ്പ് ഹൗസ്, പമ്പിംഗ് മെയിൻ, ട്രിറ്റ്മെന്റ് പ്ലാന്റ് എന്നിവ പിറവം, ആമ്പല്ലൂർ, തിരുമാറാടി എന്നീ മൂന്നു പദ്ധതികൾക്കും സംയുക്തമായിട്ടുള്ളതാണ്.

(എഫ്) ഉദയംപേരൂർ, ആമ്പല്ലൂർ, ഇടയ്ക്കാട്ടുവയൽ പദ്ധതികളിൽ 115254 മീറ്റർ പൈപ്പ് ഇട്ടുകഴിഞ്ഞിട്ടുണ്ട്. 1994-ൽ പൈപ്പ് ഇടീൽ ആരംഭിച്ചു.

റാന്നി നിയോജകമണ്ഡലത്തിനുള്ള ശുദ്ധജല പദ്ധതികൾ

71 (296) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റെടുത്ത ശേഷം റാന്നി നിയോജക മണ്ഡലത്തിൽ ശുദ്ധജലം എത്തിക്കുന്നതിനായി വാട്ടർ അതോറിറ്റിയുടെ എത്ര പദ്ധതികൾ ആണ് നടപ്പിലാക്കിയിട്ടുള്ളത് ;

(ബി) 1996-97 സാമ്പത്തിക വർഷം മുതൽ 2000-01 സാമ്പത്തിക വർഷം വരെ നടപ്പാക്കിയ ഓരോ പദ്ധതിയുടെയും പേരും അതിനായി ചെലവാക്കിയ തുകയും വർഷം തിരിച്ച് വിശദമാക്കാമോ ;

(സി) ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്ന പദ്ധതികൾ ഏതൊക്കെയെന്നും അവയ്ക്ക് ഓരോന്നിനും ചെലവഴിച്ച തുക എത്രയെന്നും വിശദമാക്കാമോ ;

(ഡി) ഈ പദ്ധതികൾ ഓരോന്നും എന്ന് കമ്മീഷൻ ചെയ്യാനാണ് സർക്കാർ ഉദ്ദേശിക്കുന്നത് ;

(ഇ) ഇപ്പോൾ ടെൻഷൻ ചെയ്തിരിക്കുന്ന പുതിയ പദ്ധതികൾ ഏതൊക്കെയാണ് ;

(എഫ്) ഓരോന്നിനായും മാറ്റിവെച്ചിരിക്കുന്ന തുക എത്രയാണ് ;

(ജി) ഈ നിയോജകമണ്ഡലത്തിലെ ഇനിയും കുടിവെള്ളം ലഭ്യമായിട്ടില്ലാത്ത സ്ഥലങ്ങളിൽ കുടിവെള്ളമെത്തിക്കുന്നതിന് എന്തൊക്കെ നടപടികളാണ് വാട്ടർ അതോറിറ്റി മുഖേന നടപ്പാക്കുന്നതിനായി സർക്കാർ ഉദ്ദേശിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) കേന്ദ്രസർക്കാരിന്റെ രാജീവ് ഗാന്ധി നാഷണൽ ഡ്രിങ്കിംഗ് വാട്ടർ മിഷന്റെ അംഗീകാരം ലഭിച്ച 6 പദ്ധതികൾ, 'രണ്ടായിരാമാണ്ടിൽ എല്ലാവർക്കും കുടിവെള്ളം' എന്ന പരിപാടിയിൽ ഉൾപ്പെടുത്തി കുടിവെള്ളം തീരെയില്ലാത്തതും ഭാഗികമായി നടപ്പിലാക്കിയിട്ടുള്ളതുമായ പ്രദേശങ്ങളിലേയ്ക്ക് പൂർണ്ണതോതിൽ കുടിവെള്ളമെത്തിക്കുന്ന പരിപാടിയിൽ ഉൾപ്പെടുന്ന 8 പദ്ധതികളുടെ പണിയും

LIBRARY ARCHIVES Kerala Legislative Assembly